**ശ്രദ്ധക്ഷണിക്കൽ**

## റബ്ബറിന്റെ വിലയിടിവ്

ശ്രീ. മോൻസ് ജോസഫ്: സർ, രൂക്ഷമായ റബ്ബർ വിലയിടിവുമൂലം സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ഞാൻ അവതരിപ്പിക്കുന്നത്. 248 രൂപ വരെ വന്ന റബ്ബറിന്റെ വില ഇന്ന് 117-118 രൂപയിലേയ്ക്ക് വന്നിരിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖല എന്ന നിലയിൽ റബ്ബറിന്റെ വിലയിടിവ് കേരളത്തിലെ റബ്ബർ കർഷകരെയും കർഷകത്തൊഴിലാളികളെയും മുഴുവൻ തകർത്തിരിക്കുന്നു. റബ്ബർ ടാപ്പിംഗ് തൊഴിലാളികളടക്കം വരുന്ന എല്ലാവരും പ്രതിസന്ധിയിലായിരിക്കുകയാണ്. നമ്മുടെ വ്യാപാരമേഖല മുഴുവൻ സ്തംഭനത്തിലേയ്ക്ക് വരുന്നു. കാരണം കൃഷിക്കാരന്റെ കയ്യിൽ പൈസയില്ലാതെ വന്നതോടുകൂടി സാധാരണക്കാരന് മാർക്കറ്റിൽ കടന്നുവരാനോ സാധനങ്ങൾ വാങ്ങിക്കുന്നതിനോ കഴിയാത്ത സ്ഥിതി വന്നിരിക്കുന്നു. സമസ്ത മേഖലകളെയും

പ്രതികൂലമായി ബാധിക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് സംജാതമായിരിക്കുകയാണ്. റബ്ബർ കർഷകന്റെ നട്ടെല്ല് ഒടിയുന്ന ഈ സ്ഥിതി വിശേഷം ഇന്ന് നമ്മുടെ രാജ്യത്ത് ഉണ്ടാക്കിയതിന്റെ ഏറ്റവും പ്രധാനപ്പെട്ട സാഹചര്യം കേന്ദ്രഗവൺമെന്റിന്റെ റബ്ബർ ഇറക്കുമതി നയമാണ്. റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട് ഇൻഡ്യക്കാവശ്യമുള്ള റബ്ബറിന്റെ മൂന്നിരട്ടി ഇവിടെ സ്റ്റോക്കുണ്ടായിട്ടും പിന്നെ എന്തിന് റബ്ബർ ഇറക്കുമതി ചെയ്യുന്നു എന്ന ചോദ്യത്തിന് ഉത്തരമില്ല. കേരളത്തിന്റെ ഇങ്ങനെയുള്ള വലിയ ഒരു ആവലാതി കേന്ദ്ര ഗവൺമെന്റ് ഇതുവരെ പരിഗണിച്ചിട്ടില്ല. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉത്പാദിപ്പിക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ ആവശ്യം ഒരിക്കൽപോലും പരിഗണിക്കാതെ പോകുകയാണ്. ഈ വിഷയം കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിലും കേരളം ശക്തമായി ഉന്നയിച്ചതാണ്. പക്ഷേ, കേന്ദ്രഗവൺമെന്റ് അന്നും ചെവിക്കൊണ്ടില്ല. ഇറക്കുമതി അനസ്യൂതം തുടർന്നു കൊണ്ടിരിക്കുന്നു. ഇവിടെ വലിയ പ്രശ്നങ്ങൾ റബ്ബർ കർഷകർക്കിടയിൽ ഉണ്ടായി. പക്ഷേ, അന്താരാഷ്ട്ര മാർക്കറ്റിൽ വിലയുണ്ടായിരുന്നതുകൊണ്ട് റബ്ബർ കർഷകന് പ്രശ്നമില്ലാതെ പിടിച്ചു നിൽക്കാൻ സാധിച്ചു. ഇപ്പോൾ അന്താരാഷ്ട്ര മാർക്കറ്റിലെ വിലയിടിവുകൂടി വരികയും കേന്ദ്രഗവൺമെന്റിന്റെ ഇറക്കുമതി

അനസ്യൂതം തുടരുകയും ചെയ്യുമ്പോൾ കർഷകന് പിടിച്ചു നിൽക്കാൻ കഴിയാത്ത തരത്തിൽ വിലയിടിവുണ്ടായിരിക്കുകയാണ്. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റും റബ്ബർ ഇറക്കുമതി പഴയതുപോലെ തുടരുകയാണ്. ഈ പ്രശ്നം അവസാനിപ്പിക്കുവാൻ റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുക എന്നുള്ള നിലപാട് എടുക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ശക്തമായ ഇടപെടൽ നടത്തേണ്ടതായിവന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പല പ്രാവശ്യം ഇതിനുവേണ്ടി നീക്കങ്ങൾ നടത്തിയിട്ടുള്ളത് ഞാൻ ഇവിടെ സ്മരിക്കുകയാണ്. എങ്കിലും കേന്ദ്രഗവൺമെന്റിനെകൊണ്ട് കേരളത്തിലെ റബ്ബർ കർഷകർക്ക് അനുകൂലമായ ഇൻഡ്യയിലെ റബ്ബർ കർഷകർക്ക് അനുകൂലമായ ഒരു തീരുമാനം എടുപ്പിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ കാര്യങ്ങൾ വീണ്ടും കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ശ്രമം അടിയന്തരമായി നത്തേണ്ടിയിരിക്കുന്നു. അതുപോലെ കേരളത്തിലെ കാർഷിക വിളകൾക്കുകൂടി പ്രയോജനം ലഭിക്കുന്ന വിധത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ വില സ്ഥിരതാ ഫണ്ട് 1000 കോടി രൂപയോളം നിൽക്കുകയാണ്. കേരളത്തിന് ഗുണം കിട്ടുന്നവിധത്തിൽ ഇത് മാറ്റിയെടുക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ കാര്യത്തിൽ വലിയ ഒരു പ്രതിസന്ധിയിലൂടെ കേരളം കടന്നു പോകുമ്പോൾ 1000 കോടി രൂപയിൽ നിന്ന്

കേരളത്തിനുവേണ്ടി 500 കോടി രൂപയെങ്കിലും തരുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാകണം. ഇൻഡ്യയിൽ മറ്റെല്ലാ സംസ്ഥാനങ്ങളിലെ റബ്ബർ കർഷകർക്കും വിലസ്ഥിരതാ ഫണ്ടിൽ നിന്ന് സഹായം ലഭിക്കുമ്പോൾ കേരളത്തിലെ റബ്ബർ കർഷകരോടുമാത്രം ഒരു ചിറ്റമ്മനയം എന്നു പറയുന്നത് പ്രതിഷേധാർഹമാണ്. ഇത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോൾ കേരളത്തിൽ നിന്നുള്ള എം.പി. മാർ ഇക്കാര്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കേരള ഗവൺമെന്റ് വളരെ കാര്യക്ഷമമായി ഇടപെടേണ്ട സമയമാണ്. വിലസ്ഥിരതാ ഫണ്ട് 1000 കോടി രൂപയിൽ നിന്ന് 500 കോടി രൂപയെങ്കിലും കേരളത്തിന് ലഭിക്കാൻ കഴിയുന്ന വിധത്തിലുള്ള ശക്തമായ ഇടപെടൽ നടത്തണമെന്നുള്ളതാണ് ഇക്കാര്യത്തിൽ ഉന്നയിക്കുവാനുള്ളത്. അതുപോലെ ഇറക്കുമതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒരു ലക്ഷം ടൺ റബ്ബർ ഇറക്കുമതി ചെയ്യുമ്പോൾ 25 ശതമാനത്തിന് നികുതി ഈടാക്കുന്നില്ല. അതുകൊണ്ടുതന്നെ ഇറക്കുമതി ചെയ്യുന്ന റബ്ബർ മാർക്കറ്റിലേയ്ക്ക് വന്നുകഴിയുമ്പോൾ ഉള്ള വിലയും കൂടി ഇല്ലാതാകുകയാണ്. ഇറക്കുമതി ചെയ്യുന്ന റബ്ബറിന് 20 ശതമാനമാണ് ഇറക്കുമതി ചുങ്കം ഈടാക്കിവരുന്നത്. അത് 25 ശതമാനമാക്കി ഉയർത്തണമെന്ന് കാലാകാലങ്ങളായി കേരളം ഉൾപ്പെടെയുള്ള

സംസ്ഥാനങ്ങൾ ആവശ്യപ്പെടുന്നതാണ്. ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നിലപാട് കേരളം സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഈ ഗുരുതരാവസ്ഥ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ആവശ്യമാണ്. അതിനുവേണ്ടി അടിയന്തരമായി പ്രധാനമന്ത്രിയെ നേരിൽ കാണാൻ കഴിയുന്ന തരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെ ഒരു പ്രതിനിധി സംഘം പ്രധാനമന്ത്രിയെ കാണുവാനും ഈ പ്രശ്നങ്ങൾ വീണ്ടും ഉന്നയിക്കുവാനും സാധിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്. റബ്ബർ സംഭരണമാണ് സംസ്ഥാന ഗവൺമെന്റ് ഇതിനുവേണ്ടി മുന്നോട്ടുവച്ച ഏറ്റവും പ്രധാനപ്പെട്ട നടപടിയെന്നുള്ളതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. റബ്ബർ സംഭരണം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുക എന്നുള്ളതാണ് ഇന്നത്തെ ആവശ്യം. ഇപ്പോൾ അഞ്ചു രൂപ റബ്ബർ സംഭരണത്തിനുവേണ്ടി ഗവൺമെന്റ് കൊടുക്കുമ്പോൾ മാർക്കറ്റിൽ കാര്യമായ ഒരു വ്യതിയാനം ഉണ്ടാകുന്നതിന് ഇടവരുത്തുന്നുണ്ടോ ഇല്ലയോ എന്നത് ഗവൺമെന്റ് പരിശോധിക്കേണ്ട വിഷയമാണ്. ഇക്കാര്യങ്ങൾ ജനപ്രതിനിധികൾ ഇവിടെ വിലയിരുത്തുമ്പോൾ നമുക്ക് ബോധ്യമാകുന്നത് കാര്യമായ ഒരു വ്യതിയാനം ഉണ്ടാക്കുവാൻ കഴിയണമെങ്കിൽ കൂടുതൽ തുക

ഇതിനുവേണ്ടി മാറ്റിവയ്ക്കണമെന്നുള്ളതാണ്. റബ്ബർ സംഭരണത്തിനുവേണ്ടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി മാണിസാർ 100 കോടി രൂപവരെ മാറ്റി വയ്ക്കാൻ തയ്യാറാണെന്ന് സുപ്രധാനമായ ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ റബ്ബർ കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനുവേണ്ടി മുന്നോട്ടുവരുമ്പോൾ റബ്ബർ സംഭരണ ഏജൻസികൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്. ഈ രംഗത്ത് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മാത്രമാണ്. സത്യത്തിൽ കൃഷിക്കാരന് നേരിട്ട് റബ്ബർ കൊടുക്കാൻ കഴിയുന്നത് ആർ.പി.എസ്. കളിലാണ്. റബ്ബർ കർഷകന് നേരിട്ട് ബന്ധമുള്ളതും പ്രാദേശികമായി ഇടപെടാൻ കഴിയുന്നതും ആർ.പി.എസ്. കളുമായാണ്. ആർ.പി.എസ്. കൾവഴി റബ്ബർ സംഭരിക്കാനുള്ള ഒരു സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇവിടെ ആർ.പി.എസ്. കൾ മാത്രമല്ല, റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളും ജനറൽ മാർക്കറ്റിംഗ് സൊസൈറ്റികളുമുണ്ട്. ഈ ഏജൻസികൾക്കെല്ലാം ഹാൻഡ് ലിംഗ് ചാർജ്ജുകൾ അടക്കം കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. സംഭരിക്കുന്ന റബ്ബർ മാർക്കറ്റിലേയ്ക്ക് പോകുകയാണ്. വളരെ ഗുരുതരമായ ഒരു

സ്ഥിതിവിശേഷം സംസ്ഥാനത്ത് റബ്ബർ മേഖലയിൽ നിലനിൽക്കുന്നതുകൊണ്ട് അങ്ങ് ഏതാനും കാര്യങ്ങൾ കൂടി പറയാൻ അനുവദിക്കണം. റബ്ബർ സംഭരണത്തിനുവേണ്ടി ഇതുപോലുള്ള പ്രാദേശിക ഏജൻസികൾക്ക് ഗവൺമെന്റ് ഹാൻഡ് ലിംഗ് ചാർജ്ജ് കൊടുക്കണം. സംഭരിച്ച റബ്ബർ സ്റ്റോക്ക് ചെയ്യില്ലായെങ്കിൽ അത് വീണ്ടും മാർക്കറ്റിലേയ്ക്ക് പോകുകയാണ്. സംഭരിച്ചതിന് ഒരു ഗുണവും ഇല്ലാതെവരികയാണ്. അതുകൊണ്ട് സംഭരിച്ച റബ്ബർ സ്റ്റോക്ക് ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള നടപടിയുണ്ടാകണം. ഇക്കാര്യത്തിൽ സമയാസമയങ്ങളിൽ ആവശ്യമായ ഫണ്ട് റിലീസ് ചെയ്യുന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ഫണ്ട് റിലീസ് ചെയ്യാൻ തയ്യാറായാലും കൃഷിവകുപ്പും സഹകരണ വകുപ്പും മാത്രമല്ല മറ്റു വകുപ്പുകളും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാകുക എന്നുള്ളത് വളരെ അടിയന്തരമായി ചെയ്യേണ്ട കാര്യമാണ്. ഈ കാര്യങ്ങൾ വിലയിരുത്തുമ്പോൾ ഉദ്യോഗസ്ഥ തലത്തിലുള്ള കോ-ഓർഡിനേഷന്റെ അഭാവമാണ് റബ്ബർ സംഭരണം ഫലപ്രദമാകാതെ പോകുന്നതിന്റെ പ്രധാനപ്പെട്ട കാര്യമായി നമുക്ക് ബോധ്യപ്പെടുകയാണ്. റബ്ബർ സംഭരണം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് വിവിധ ചീഫ് സെക്രട്ടറിമാർ, വിവിധ വകുപ്പ് സെക്രട്ടറിമാർ എന്നിവരെ ഉൾപ്പെടുത്തികൊണ്ടു ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കണം. ഇതിനാവശ്യമായ

സമയങ്ങളിൽ ഫണ്ട് കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു മോണിറ്ററിംഗ് സെൽ ഇക്കാര്യത്തിൽ ആവിഷ്ക്കരിക്കേണ്ടത് അത്യാവശ്യമായി ചെയ്യേണ്ട കാര്യമാണ്. അതുപോലെ സംസ്ഥാനത്ത് റബ്ബർ സംഭരണ കാര്യത്തിൽ ഇപ്പോൾ 5 ശതമാനം ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ 4 ശതമാനം ടാക്സാണ് ഈടാക്കുന്നത്. ഇങ്ങനെ നമ്മൾ ഈടാക്കുന്ന 5 ശതമാനം ടാക്സ് നാലു ശതമാനത്തിലേയ്ക്ക് മാറ്റാൻ കഴിഞ്ഞാൽപ്പോലും വ്യത്യാസമുണ്ടാകും. ഇത്രയും ഗുരുതരമായ പ്രതിസന്ധി നിൽക്കുന്ന സമയമായതുകൊണ്ട് ഈ സമയത്തേയ്ക്കെങ്കിലും അഞ്ചു ശതമാനം ടാക്സ് ഒഴിവാക്കി കൊടുക്കാൻ കഴിഞ്ഞാൽ അത് ഏറ്റവും വലിയ സഹായമായിരിക്കും. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇത്തരത്തിലുള്ള സാധ്യമായ നടപടികൾ സ്വീകരിക്കണം. ഈ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മറ്റു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കർഷകരുടെയും പ്രധാനപ്പെട്ട റബ്ബർ മേഖലയുമായി ബന്ധപ്പെട്ടവരുടെയും യോഗം അടിയന്തരമായി വിളിച്ചു ചേർത്തുകൊണ്ട് 150 രൂപയെങ്കിലും റബ്ബർ കർഷകർക്ക് കിട്ടുന്ന വിധത്തിലുള്ള ഒരു നടപടിയിലേക്ക് വരുന്നതിന് ആത്മാർത്ഥമായ ഇടപെടൽ നടത്തണം. അതോടൊപ്പം കേന്ദ്രഗവൺമെന്റിനെ ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിന്

കഴിയണം. കേരളത്തിലെ റബ്ബർ കർഷകർ സമ്പദ്ഘടനയുടെ നട്ടെല്ല് എന്ന നിലയിൽ അവർക്കുവേണ്ടി, ഗവൺമെന്റ് എത്രയോ കാര്യങ്ങൾ.............. ഇപ്പോൾ കെ.എസ്.ആർ.റ്റി.സി. ക്കുവേണ്ടിയും കെ.എസ്.ഇ.ബി. ക്കുവേണ്ടിയും എത്രയോ കാര്യങ്ങൾക്ക് പ്രയോറിറ്റി കൊടുക്കുന്നുണ്ട്. കേരളത്തിലെ റബ്ബർ കർഷകർ സമ്പദ്ഘടനയുടെ നട്ടെല്ല് എന്നുള്ള നിലയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് പ്രയോറിറ്റി കൊടുക്കണം. അത്തരത്തിലുള്ള ഒരു നടപടിയിലേക്ക് ഗവൺമെന്റ് വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതിനുവേണ്ടി ചെയ്യുന്ന നല്ല കാര്യങ്ങളെ പ്രത്യേകം നന്ദിപൂർവ്വം ഓർത്തുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ മോൻസ് ജോസഫ് ഇവിടെ ഉന്നയിച്ച, സ്വാഭാവിക റബ്ബറിന്റെ വില വളരെയധികം താഴോട്ട് പോയിരിക്കുന്ന സാഹചര്യം അതീവ ഗുരുതരമായിട്ടുള്ള ഒന്നാണ്. ഇന്നലെ ശ്രീ. ജോസഫ് വാഴയ്ക്കൻ, ശ്രീ സണ്ണി ജോസഫ് എന്നിവർ ഈ പ്രശ്നം സംബന്ധിച്ച് നോട്ടീസ് നൽകിയെങ്കിലും സഭയിൽ ഇന്നലെ മറുപടി പറയാൻ സാധിച്ചില്ല, മറുപടി ഞാൻ എഴുതിക്കൊടുത്തിരുന്നു. 256 രൂപയിൽ നിന്നാണ് 100

രൂപയ്ക്കടുത്തേയ്ക്ക് റബ്ബർ വില എത്തിയിരിക്കുന്നത്. റബ്ബർ കർഷകർ ആകെ നിരാശരായിരിക്കുന്നു. പലരും റബ്ബർവെട്ട് നിർത്തിയതുമൂലം റബ്ബറിന്റെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇത് അതീവ ഗുരുതരമായ ഒരു സാഹചര്യം സൃഷ്ടിക്കും. അന്തർദ്ദേശീയ മാർക്കറ്റിലെ വിലയിടിവാണ് ഇത്തരത്തിലുള്ള വിലയിടിവിനുകാരണം. ഈ സാഹചര്യത്തിൽ റബ്ബർ സംഭരണംകൊണ്ട് കാര്യമായ പ്രയോജനമുണ്ടാകുന്നില്ല. നമ്മൾ ആദ്യം രണ്ട് രൂപയും ഇപ്പോൾ 5 രൂപയും കൂട്ടിവാങ്ങുന്നു. പക്ഷെ എത്ര ടൺ റബ്ബർ സംഭരിക്കാൻ സാധിക്കും; മാത്രമല്ല സംഭരിക്കുന്ന റബ്ബർ അനിശ്ചിതകാലം വിൽക്കാതിരിക്കാൻ സാധിക്കില്ല. റബ്ബർ നശിച്ചുപോകും. അന്തർദ്ദേശീയ മാർക്കറ്റിൽ റബ്ബറിന്റെ വില താഴ്ന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സംഭരണംവഴി വിലയിടിവ് പിടിച്ചുനിർത്താൻ സാധിക്കുമെന്നുള്ള വിശ്വാസമില്ല. അതേസമയം, ഈ സ്ഥിതി തുടർന്നാൽ അത് നമ്മുടെ സംസ്ഥാനത്തിനും കർഷകർക്കും ദോഷം ചെയ്യുമെന്നു മാത്രമല്ല ഈ അവസരം മുതലാക്കാം എന്നുകരുതുന്ന ടയർ വ്യവസായികൾക്കായിരിക്കും കൂടുതൽ ദോഷം വരുത്താൻ പോകുന്നത്. കാരണം റബ്ബർ കർഷകർ ഉൽപ്പാദനം കുറച്ച് മറ്റ് കൃഷിയിലേയ്ക്ക് മാറിയാൽ എന്തായിരിക്കും സ്ഥിതി; അതുകൊണ്ട് കർഷകന് ന്യായമായ, തൃപ്തികരമായ വില നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകണമെന്നാണ്

ടയർ മാനുഫാക്ച്ചറേഴ്സിന്റെ ആവശ്യം. ഇതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിച്ചു. മന്ത്രിസഭയിൽ ഇക്കാര്യം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ റബ്ബർ ബോർഡുമായി സംസാരിക്കണമെന്ന് തീരുമാനിച്ചു. അതനുസരിച്ച് റബ്ബർ ബോർഡിലെ സീനിയർ ഉദ്യോഗസ്ഥരും കർഷക പ്രതിനിധികളായി റബ്ബർ ബോർഡിലുള്ളവരുമൊക്കെയായി സംസ്ഥാന ഗവൺമെന്റ് ഒരു പ്രാവശ്യം ചർച്ച നടത്തിക്കഴിഞ്ഞിരിക്കുകയാണ്. രണ്ടാംവട്ട ചർച്ച ഇന്ന് ഉച്ചയ്ക്ക് 1.00 മണിക്ക് അസംബ്ലി കോംപ്ലക്സിൽ വച്ചുനടക്കുകയാണ്. ശ്രീ. കെ.എം. മാണി ഉൾപ്പെടെയുള്ള മന്ത്രിമാർ ആ ചർച്ചയിൽ പങ്കെടുക്കും. ഞാനും ആ ചർച്ചയിൽ പങ്കെടുക്കും. റബ്ബർ ബോർഡുമായി നടന്ന ഒന്നാംവട്ട ചർച്ചയിൽ ഉയർന്നുവന്ന ഒരു നിർദ്ദേശം Rubber manufacturers-നെക്കൂടി വിളിച്ചുകൂട്ടി അവരോട് കാര്യങ്ങൾ തുറന്നുപറയണമെന്നാണ്. ഇന്നത്തെ സാഹചര്യത്തിൽ അവരുടെ co-operation കൂടി ലഭ്യമാക്കാൻവേണ്ട ശ്രമം നടത്തണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. ഇന്നത്തെ ചർച്ചയിൽ റബ്ബർ ബോർഡ് ചെയർമാനടക്കമുള്ളവർ വരുമ്പോൾ ഞങ്ങൾ അക്കാര്യം ചർച്ച ചെയ്യും. ഒരു കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്, കർഷകന് തൃപ്തികരമായ നിലയിൽ റബ്ബറിന്റെ വില എത്തിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ Top priorityയാണ്. അതിനുവേണ്ടി ഏത് ത്യാഗത്തിനും സംസ്ഥാന ഗവൺമെന്റ്

തയ്യാറാണ്. അത് കാബിനറ്റ് ആലോചിച്ച് തീരുമാനിക്കും. ഇറക്കുമതി നിരോധിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, അത് നമ്മൾ പലപ്പോഴും ആവശ്യപ്പെടുന്ന കാര്യമാണ്. പക്ഷെ ഇന്ന് കേന്ദ്രഗവൺമെന്റിന്റെ കയ്യിലുള്ള കണക്കനുസരിച്ച് ഇവിടത്തെ consumption ഉം production ഉം തമ്മിൽ ഒരു ഗ്യാപ് ഉണ്ട്. ആ ഗ്യാപ് ഉള്ളിടത്തോളംകാലം ഇറക്കുമതി നിരോധിക്കുന്നതിന് കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നില്ല. ഞാൻ കേന്ദ്രമന്ത്രിയുമായി സംസാരിച്ചപ്പോൾ "നിങ്ങൾ production ന്റേയും consumption ന്റേയും കണക്ക് എടുക്കുന്നതിൽ വിരോധമില്ല, പക്ഷെ അത് റബ്ബർ ബോർഡിന്റെ കണക്കായിരിക്കണം" എന്ന ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റ് ആ നിലപാടിൽ ഉറച്ചുനിൽക്കും. റബ്ബർ ബോർഡിന്റെ കണക്ക് പലപ്പോഴും അംഗീകരിക്കാത്ത സ്ഥിതിയാണ് വന്നിട്ടുള്ളത്. ഇറക്കുമതി നിരോധിക്കണമെന്ന് നമുക്ക് പറയാമെങ്കിലും പെട്ടെന്ന് അത് പ്രായോഗികമാകും എന്ന പ്രതീക്ഷയില്ല. മറ്റൊന്ന്, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ ഇറക്കുമതി ഡ്യൂട്ടി വർദ്ധിപ്പിക്കണം എന്ന കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. നമ്മൾ വളരെ ശക്തമായി സമ്മർദ്ദം ചെലുത്തിയാണ് ഇറക്കുമതി ഡ്യൂട്ടി ഇന്നുള്ള 20 ശതമാനത്തിലേയ്ക്ക് എത്തിച്ചിരിക്കുന്നത്. അത് കൂട്ടണമെന്നുള്ള ആവശ്യം നമുക്കുന്നയിക്കാം. അതിനുവേണ്ടിയുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകും.

കഴിഞ്ഞ All party യോഗത്തിൽ ഈ പ്രശ്നം ഉന്നയിച്ചു. പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധികൾ മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട നിവേദനം കൊടുക്കാൻ പ്രധാനമന്ത്രിയെ കാണുമ്പോൾ റബ്ബറിന്റെ പ്രശ്നംകൂടി ഉന്നയിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പ് ധനകാര്യ വകുപ്പുമന്ത്രി, വ്യസായ വകുപ്പുമന്ത്രിയുൾപ്പെടെ സംസ്ഥാനത്തെ എട്ട് മന്ത്രിമാർ ഡൽഹിയിൽപോയി പ്രധാനമന്ത്രിയെ കണ്ട അവസരത്തിൽ ഇക്കാര്യം ഉന്നയിക്കുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. എങ്കിലും നമ്മുടെ സംസ്ഥാനത്തിന്റെ ഒന്നാകെയുള്ള ആവശ്യമായി ഇക്കാര്യം വീണ്ടും ഉന്നയിക്കുന്നതാണ്. അതിനിടയിൽ Rubber manufacturers-മായിട്ടുള്ള ചർച്ചയും നടത്തും. അവർ പ്രായോഗികമായ ഒരു സമീപനം സ്വീകരിക്കണം. നമ്മൾ മുൻപോട്ട് വയ്ക്കാനുദ്ദേശിക്കുന്ന നിർദ്ദേശം മാർക്കറ്റ് വില പ്ലസ് സെൻട്രൽ ഗവൺമെന്റിന്റെ ഡ്യൂട്ടി പ്ലസ് സ്റ്റേറ്റ് ഗവൺമെന്റ് എന്തെങ്കിലും ആനുകൂല്യം കൊടുക്കുന്നുണ്ടെങ്കിൽ അതുംകൂടി കൂട്ടിയുള്ള ഒരു വിലയെങ്കിലും റബ്ബർ കർഷകന് കിട്ടത്തക്ക സാഹചര്യമുണ്ടാക്കാൻ വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടത്തും എന്നുപറയാൻ ആഗ്രഹിക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് ഒരു ചോദ്യം ചേദിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാൻ ഒരു ഡിബേറ്റിനല്ല. പക്ഷെ നമ്മൾ സംഭരണ സമ്പ്രദായത്തെക്കുറിച്ച് രണ്ടുവർഷംമുമ്പ് ചർച്ച ചെയ്തപ്പോൾ ഉന്നയിച്ച കാര്യംതന്നെ വീണ്ടും ആവർത്തിക്കുകയാണ്. സംഭരണം ഫലപ്രദമാകണമെങ്കിൽ ഒരു തറവില വേണം. മാർക്കറ്റ് വിലയേക്കാൾ അന്ന് 2 രൂപ ഇപ്പോൾ 5 രൂപ എന്ന നിലയിലാണ് റബ്ബർ സംഭരിക്കുന്നത്. അതായത് മാർക്കറ്റ് വില താഴുമ്പോൾ സംഭരണ വിലയും താഴും. ഇത്തരത്തിൽ മാർക്കറ്റിൽ intervene ചെയ്യാൻ പറ്റില്ല. അതുകൊണ്ട് അങ്ങയോടുള്ള എന്റെ അഭ്യർത്ഥന ഇതാണ് - ഇന്നത്തെ അന്തർദ്ദേശീയ സ്ഥിതിഗതികളിൽ അത് ഫലപ്രദമല്ല എന്നാണ് അനുഭവം എന്ന് അങ്ങ് പറഞ്ഞു. ആ ഒരു നിഗമനത്തിലെത്തുന്നതിനുമുമ്പ് ഈ സംഭരണം എന്തുകൊണ്ട് പരാജയപ്പെട്ടു എന്നതിനെക്കുറിച്ച് ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് ഒരു Quick assessment നടത്തണം. അതിന്റെ ഡിസൈനിൽ പോരായ്മയുണ്ട് എന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. ഉമ്മൻ ചാണ്ടി : ഡോ. ടി. എം തോമസ് ഐസക് വലിയ പരിചയ സമ്പന്നനായ മെമ്പറാണ്. അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത് രണ്ട് കാര്യങ്ങളാണ്. കൂടുതലൊന്നും പരിശോധിക്കേണ്ടതില്ല. ഒന്ന്, നമുക്ക് വാങ്ങിയെടുക്കാവുന്ന ക്വാണ്ടിറ്റി എത്രയാണ്; അതിന് എത്രയായിരം കോടിരൂപ

വേണ്ടിവരും. റബ്ബറാണ്, വളരെ പ്രധാനപ്പെട്ട കാര്യമാണ്. നൂറോ ഇരുന്നൂറോ കോടിരൂപയാണെങ്കിൽ നമുക്ക് ആലോചിക്കാം. പക്ഷേ അതുകൊണ്ട് നമുക്ക് സംഭരിക്കാവുന്ന റബ്ബറിന്റെ ക്വാണ്ടിറ്റിയും....... മാർക്കറ്റിൽ ഒരു ഇംപാക്റ്റുണ്ടാക്കാൻ കഴിയുന്നില്ല. രണ്ട്, വാങ്ങുന്ന റബ്ബർ രണ്ടോ മൂന്നോ മാസം സൂക്ഷിക്കാം 4 മാസംവരെ വേണമെങ്കിൽ വയ്ക്കാം. അതിനപ്പുറത്തേയ്ക്ക് വച്ചാൽ അത് നശിച്ചുപോകും. സംഭരണം എപ്പോഴാണ് വിജയിക്കുന്നത്? മാർക്കറ്റിൽ ഇംപാക്ടുണ്ടാക്കി ഒരു intervention നടത്തി നമ്മൾ procure ചെയ്യണം. അങ്ങനെ procure ചെയ്യുന്നതിന്റെ ഫലമായി വില വർദ്ധിക്കണം അങ്ങനെ വില വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ procure ചെയ്ത റബ്ബർ വിൽക്കണം. ഇവിടെ നമുക്ക് മാർക്കറ്റിൽ ഇംപാക്ടുണ്ടാക്കാൻ കഴിയുന്നത്ര quantity വാങ്ങാൻ സാധിക്കുന്നില്ല. കാരണം ഒരു ടൺ റബ്ബർ വാങ്ങണമെങ്കിൽ ഒരുലക്ഷം രൂപയാകും. അപ്പോൾ എത്രയായിരം കോടിരൂപയുണ്ടെങ്കിലാണ് ഒരു ഇംപാക്ടുണ്ടാക്കാൻ സാധിക്കുന്നത്. ഇത് എത്ര നാൾ സൂക്ഷിക്കാൻ കഴിയും; ഇപ്പോൾ ചെറിയ quantity വാങ്ങിയ സൊസൈറ്റികൾപോലും എന്തുചെയ്യണമെന്നറിയാതെ വിഷമിക്കുകയാണ്. വാങ്ങിയ റബ്ബർ വിൽക്കാൻ അനുവദിച്ചിട്ടില്ല. കൂടുതൽ നാളിരുന്നാൽ അത് നശിച്ചുപോകുമോ എന്നുള്ള ഭയം സൊസൈറ്റികൾക്കുണ്ട്. ഇതാണ്

സംഭരണത്തിലുള്ള ബുദ്ധിമുട്ട്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, റബ്ബർ സംഭരണത്തിനുവേണ്ടി ഗവൺമെന്റ് ഇപ്പോൾ പണം റിലീസ് ചെയ്താൽ, ആ പണം സമയത്ത് ഉത്തരവായി ഇറങ്ങുന്നതിന് രണ്ടുമൂന്ന് മാസം ആകും. പണം തീർന്നുകഴിഞ്ഞാൽ പിന്നെ മൂന്നുനാല് മാസങ്ങളാണ് അടുത്ത അലോട്ട്മെന്റിനായി വേണ്ടിവരുന്നത്. ഇക്കാര്യത്തിൽ കൃത്യമായൊരു മോണിറ്ററിംഗ് നടത്താനുള്ള സിസ്റ്റമില്ലാത്തതിന്റെ പ്രശ്നം വരുന്നുണ്ട്. ഇത് വിവിധ വകുപ്പുകളെ ബാധിക്കുന്ന ഒരു വിഷയമാണ്. ഇത് കോ-ഓർഡിനേറ്റ് ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള ഒരു സിസ്റ്റം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അതിന് തയ്യാറാകുക എന്നുള്ളതാണ് ഒരു കാര്യം. ദേശീയ റബ്ബർ നയം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. ഈ നയത്തിന്റെ രൂപീകരണത്തിനുവേണ്ടി ആവിഷ്ക്കരിച്ച സമിതിയിൽ കർഷകരുടെ പ്രതിനിധികൾ വളരെ കുറവാണ്. ഇത് വ്യവസായികൾക്ക് ഗുണം ലഭിക്കുന്ന വിധത്തിലുള്ള ഒരു റബ്ബർ നയമാണോ വരുന്നത് എന്നുള്ള ആശങ്ക കർഷകരിൽ ഉണ്ടാകുന്നുണ്ട്. ഇത് കേരളത്തിന് ഏറ്റവും കൂടുതൽ വിഷമമുണ്ടാക്കുന്ന ഒരു കാര്യമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന

വിധത്തിൽ ദേശീയ റബ്ബർ കർഷകരുമായി നേരിട്ട് റബ്ബർ നയത്തിനുള്ള പ്രൊപ്പോസൽസ് കൊടുക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, റബ്ബർ സംഭരണത്തിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അതിന്റെ രീതിയിൽ കുറേയധികം വീക്ക്നെസ് ഉണ്ടായിട്ടുണ്ട്. വീക്ക്നെസ് എന്ന് പറയുന്നത്, സർക്കാരിന് മുടക്കാവുന്ന തുകയ്ക്കും അത് വച്ചുകൊണ്ടിരിക്കേണ്ട സമയത്തിനും ഒരു പരിധിയുണ്ട്. ഇത് രണ്ടും നമ്മുടെ ഇന്നത്തെ സംഭരണത്തിന്റെ ഒരു ലിമിറ്റേഷൻസാണ്. അതുകൊണ്ട് ഒരു ഇഫക്ട് മാർക്കറ്റ് വരുന്നില്ല. റബ്ബർ നയം സംബന്ധിച്ച് ഞാൻ ആദ്യം പറഞ്ഞിരുന്നില്ല. റബ്ബർ നയത്തെ സംബന്ധിച്ച് റബ്ബർ ബോർഡിന്റെയും റബ്ബർ കർഷകരുടെയും നിർദ്ദേശങ്ങൾ സർക്കാർ പരിഗണിക്കുന്നതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് വ്യക്തമായിട്ടുള്ള നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റ് കൊടുക്കാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, സംസ്ഥാനത്ത് ടയർ കമ്പനികൾക്ക് ആവശ്യമുള്ളത്ര റബ്ബർ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നില്ല. ഇവിടത്തെ റബ്ബർ മുഴുവനും സംഭരിക്കുകയാണെങ്കിൽ, പത്തുപതിനായിരം ടൺ റബ്ബർ കൂടി പുറത്തുനിന്നും ഇറക്കുമതി ചെയ്യാതെ തന്നെ ഇവിടത്തെ ടയർ ഫാക്ടറികൾക്കാവശ്യമുള്ളത്

ഉണ്ടാകും. ഇറക്കുമതിയുടെ പ്രശ്നമാണ് ഇവിടത്തെ റബ്ബർ കർഷകരെ ബാധിക്കുന്ന പ്രധാന വിഷയം. കേരളത്തിൽ പ്രവർത്തിക്കുന്ന ടയർ ഫാക്ടറികൾ, കേരളത്തിലെ അസംസ്കൃത ഉൽപ്പന്നങ്ങൾ നിർബന്ധമായി വാങ്ങണമെന്നുള്ള ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കണം; കേരളത്തിലുള്ള ഇന്നത്തെ റോഡുകൾ മെച്ചപ്പെടുത്താൻ റബ്ബറൈസ്ഡ് റോഡുകൾ നല്ലതാണ്. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് വാഹനങ്ങളാണ്. 1965-ൽ ഏതാണ്ട് 25,000 വാഹനങ്ങളാണ് രജിസ്റ്റർ ചെയ്യുന്നത് എന്നാൽ ഇന്നത് 70 ലക്ഷമായി ഉയർന്നിട്ടുണ്ട്. ടയറിന്റെ വിലയും വാഹനങ്ങളും റോഡുകളും ധാരാളമായി വർദ്ധിക്കുന്നുണ്ട്. എന്നാൽ റബ്ബറിന്റെ ആവശ്യം ഇവിടെ വളരെ കൂടുതലാണ്. പക്ഷേ നമ്മുടെ സംസ്ഥാനത്താണ് റബ്ബറിന്റെ വില ഇടിഞ്ഞുകൊണ്ടിരിക്കുന്നത്. അതിനുകാരണം റബ്ബർ ഇറക്കുമതി ചെയ്യുന്നതാണ് പ്രശ്നം. ഇപ്പോൾ സൗത്ത് ആഫ്രിക്കയിൽ ഇവിടത്തെ ടയർ കമ്പനിക്കാർ വൻതോതിൽ ഭൂമി വിലയ്ക്കെടുത്ത് റബ്ബർ കൃഷി ചെയ്യാൻ തുടങ്ങിയിരിക്കുകയാണ്. അതുംകൂടി വന്നാൽ കേരളത്തിലെ റബ്ബർ കർഷകർ ഇന്ന് അനുഭവിക്കുന്നതിനേക്കാൾ അപകടകരമായൊരു നിലയിലേക്ക് കാര്യങ്ങൾ പോകും. ഇക്കാര്യത്തിൽ ഗവണ്മെന്റ് ആവശ്യമായ നടപടി സ്വീകരിക്കണം; ഇവിടെ ഇറക്കുമതി ചെയ്യുന്ന റബ്ബറിന് സെസ്സ് ഏർപ്പെടുത്തിയിട്ടില്ല.

ഇവിടത്തെ കർഷകരിൽനിന്നും വാങ്ങുന്ന റബ്ബറിനാണ് 2 രൂപ സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇറക്കുമതി ചെയ്യുന്ന റബ്ബറിന് സെസ്സ് ഏർപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കേരളത്തിലെ വ്യവസായികൾ ഉപയോഗിക്കുന്ന റബ്ബർ അത് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ റബ്ബറും എന്ന് പറയുന്നത് ശരിയല്ല. ഇവിടുത്തെ വ്യവസായികൾ ഉപയോഗിക്കുന്നത് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ ഒരു ഭാഗം മാത്രമാണ്. കാരണം വൻകിട വ്യവസായികളാണ് ബാക്കി റബ്ബർ ഇവിടെനിന്നും എടുത്തുകൊണ്ടിരിക്കുന്നത്. റബ്ബർ ബോർഡിന്റെ കണക്കനുസരിച്ചാണെങ്കിൽ ഒരു ഗ്യാപ് ഉണ്ട്. നമ്മുടെ consumption-ന് ആവശ്യമായ ഉൽപ്പാദനമില്ല. പക്ഷേ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ വർക്കുചെയ്യുന്ന ഫോർമുല, റബ്ബർ ബോർഡിന്റെ ഗ്യാപ്പിനേക്കാൾ വലിയ ഗ്യാപ് വച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അത് ഒഴിവാക്കണമെന്നുള്ള കാര്യത്തിൽ ശക്തമായൊരു നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. റബ്ബർ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇന്ന് റബ്ബർ ബോർഡുമായുള്ള യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുന്നതായിരിക്കും. 8-ാം തീയതി റബ്ബർ ബോർഡിന്റെ വ്യവസായികളെ വിളിച്ചുകൂട്ടി ഒരു യോഗം

നടത്താനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ അവർക്ക് 8-ാം തീയതി എന്നുള്ള ഡേറ്റ് മാറ്റി 18-ാം തീയതി യോഗം നടത്തിയാൽ കൊള്ളാമെന്നുള്ള തീരുമാനം ഇന്നലെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ഇന്നത്തെ യോഗത്തിൽ തീരുമാനിക്കുന്നതായിരിക്കും.

ശ്രീ. മോൻസ് ജോസഫ്: സർ, ഒരു പ്രധാന പ്രശ്നമെന്ന് പറയുന്നത്, റബ്ബർ ബോർഡിന്റെ കണക്ക് റബ്ബർ ബോർഡ് രജിസ്റ്ററിൽ എഴുതിയിരിക്കുന്ന തോട്ടത്തിന്റെ കണക്കാണ് കേന്ദ്രത്തിന് കൊടുത്തിരിക്കുന്നത്. സാധാരണക്കാരായ റബ്ബർ കർഷകർ മഹാഭൂരിപക്ഷവും റബ്ബർ ബോർഡിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ല. അതുകൊണ്ട് ഇവർ പറയുന്ന ഉൽപ്പാദനം വന്നിട്ടില്ലായെന്ന കണക്ക് അടിസ്ഥാനരഹിതമാണ്, അത് വ്യാജമായ ഒരു കണക്കാണ്. അവരുടെ ഡോക്യുമെന്റ് അനുസരിച്ച് അത് ശരിയാണ്. പക്ഷേ ശരിയായ സർവേ കേരളത്തിൽ നടന്നാൽ റബ്ബർ ഉൽപ്പാദനം പതിന്മടങ്ങ് കൂടുതലാണെന്നുള്ളത് ബോധ്യപ്പെടുത്താൻ സാധിക്കുന്നതാണ്. അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഒരു ശ്രമം നടത്തുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, റബ്ബർ ബോർഡിന്റെ കണക്ക് അംഗീകരിച്ചാൽ റബ്ബർ കർഷകർക്ക് വലിയൊരു പ്രയോജനം ലഭിക്കും. കാരണം അതിനേക്കാൾ

വളരെക്കൂടിയ ഗ്യാപ് വച്ചാണ് ഇന്നിപ്പോൾ റബ്ബർ ഇറക്കുമതിക്ക് അനുമതി കൊടുക്കുന്നത്. റബ്ബർ ബോർഡിന്റെ കണക്ക് പരമാവധി ശരിയെന്നാണ് അവർ പറയുന്നത്. കാരണം പല ആനുകൂല്യങ്ങളും കൊടുക്കുന്നതുകൊണ്ട് ഇന്ന് എല്ലാവരും അതിൽ രജിസ്റ്റർ ചെയ്യുന്നുണ്ടെന്നാണ് പറയുന്നത്. നമ്മുടെ റബ്ബർ പോളിസിയിൽ പ്രധാനപ്പെട്ട ഒരു നിർദ്ദേശം കൂടി ഉൾക്കൊള്ളിക്കാൻ വച്ചിട്ടുണ്ട്. അത് റബ്ബർ റീ-പ്ലാന്റേഷനുവേണ്ടിയുള്ള ഒരു സ്പെഷ്യൽ പാക്കേജ് കർഷകർക്ക് ആവശ്യമാണ്. പ്രത്യേകിച്ച്, ഇപ്പോൾ റബ്ബർ വിലയിടിവിന്റെ സാഹചര്യത്തിൽ അങ്ങനെയൊരു പാക്കേജ് വന്നില്ലെങ്കിൽ റീ-പ്ലാന്റേഷന് കർഷകർ തയ്യാറാകില്ല. അതുകൊണ്ട് ഒരു അട്രാക്ടീവ് പാക്കേജ് കൂടി ആവശ്യമാണെന്നത് റബ്ബർ പോളിസിയിൽ ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രധാനപ്പെട്ട ഒരു നിർദ്ദേശമായിരിക്കും.

## മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. പി. കെ. ഗുരുദാസൻ: സർ, മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഞാൻ ഇവിടെ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയ്ക്ക് സബ്സിഡി കൊടുക്കുമെന്നാണ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. അതിൽ തുകയും വകയിരുത്തിയിരുന്നു. ഇപ്പോൾ

ഒരു എഞ്ചിന് 129 ലിറ്റർ മണ്ണെണ്ണയാണ് ലഭിക്കുന്നത്. അത് മൂന്നോനാലോ ദിവസത്തേയ്ക്ക് മാത്രമേ മതിയാകുകയുള്ളൂ. എന്നാൽ കരിഞ്ചന്തയിൽ ആവശ്യംപോലെ മണ്ണെണ്ണ ലഭിക്കുന്നുണ്ട്. അവിടെ ലഭിക്കുന്ന മണ്ണെണ്ണയ്ക്ക് 70-80 രൂപവരെ കൊടുക്കേണ്ടി വരും. അവർക്ക് അത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നൊരു കാര്യമാണ്. ഇക്കാര്യത്തിൽ പരിഹാരം കാണാൻ സാധിക്കാത്തത് ഗവൺമെന്റിന്റെ കുറ്റകരമായൊരു നടപടിയാണ്. എഞ്ചിനുകളുടെ വെരിഫിക്കേഷൻ നവംബറിൽ നടത്തുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നത്. വീണ്ടുംവീണ്ടും ആ വെരിഫിക്കേഷൻ നീട്ടുകയാണ്. മണ്ണെണ്ണ റേഷൻകടകൾ വഴി ഒരു ലിറ്ററാണ് കൊടുത്തുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോഴത് അര ലിറ്റർ മാത്രം കൊടുക്കുന്നതുകൊണ്ട് അവരാരും വാങ്ങാറില്ല. ഈ മണ്ണെണ്ണയെല്ലാം കൂടി സംഭരിച്ച് കരിഞ്ചന്തയിൽ വിൽക്കുകയാണ്. ഈ നിലയിൽ അഴിമതി വർദ്ധിപ്പിക്കാനും മത്സ്യത്തൊഴിലാളികളെ കൊള്ളയടിക്കാൻ സഹായിക്കുന്നൊരു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മത്സ്യത്തിന് ന്യായമായ വില ലഭ്യമാക്കാൻ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. അവർ കച്ചവടക്കാരുടെ കൊടിയ ചൂഷണത്തിന് വിധേയമാവുകയാണ്. വലിയതോതിൽ വൻകിട കുത്തകകൾ മത്സ്യത്തിന് വിലയിടിക്കുകയും അവരുടെ ന്യായമായിട്ടുള്ള

അദ്ധ്വാനത്തിന് വില കൊടുക്കുകയും ചെയ്യുന്നില്ല. അതുകൊണ്ട് മത്സ്യഫെഡ് - മത്സ്യം കടലിൽനിന്ന് സംഭരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഉന്നയിക്കുന്ന ഒരു പ്രധാന ആവശ്യം.

സി.ആർ.ഇസഡ്-ന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ നിയമസഭാസമ്മേളനം ചേർന്നപ്പോൾ, ഫെബ്രുവരി 6-ാം തീയതി ഒരു കുറിപ്പ് എം.എൽ.എ. മാർക്ക് വിതരണം ചെയ്തിരുന്നു. അതിൽ പറയുന്ന കാര്യങ്ങളിലൂടെ ഈ പ്രശ്നത്തിന് പരിഹാരം ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾക്ക് 100 സ്ക്വയർ മീറ്റർ എന്ന നിലവാരം നിശ്ചയിച്ചാൽ അത് വളരെ പാപമാണ്. മത്സ്യത്തൊഴിലാളികളുടെ സ്ഥലത്ത് അവർക്ക് സ്വീകാര്യമായ നീളത്തിലും വീതിയിലും ഭവനം നിർമ്മിക്കാനാവശ്യമായ സൗകര്യം ചെയ്തുകൊടുക്കണം. സി.ആർ.ഇസഡ് നിയമം മത്സ്യത്തൊഴിലാളികൾക്ക് ബാധകമാകാൻ പാടില്ല. മത്സ്യത്തൊഴിലാളികളെ സി.ആർ.ഇസഡ് നിയമത്തിൽനിന്ന് പൂർണ്ണമായി ഒഴിവാക്കുന്ന തീരുമാനം ഗവൺമെന്റ് കൈക്കൊള്ളണം. അതുപോലെ റാംസാർ കൺവെൻഷന്റെ തീരുമാനപ്രകാരം അഷ്ടമുടി, വേമ്പനാട് തുടങ്ങിയ കായലുകൾ വെറ്റ് ലാൻഡ് ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. ഈ പ്രദേശത്ത് താമസിക്കുന്നവർക്ക് പഞ്ചായത്ത് ലൈസൻസ്, വെള്ളം, ഇലക്ട്രിസിറ്റി കണക്ഷൻ

എന്നിവയൊന്നും നൽകുന്നില്ല. ഇതെല്ലാം വളരെയധികം പ്രയാസകരമായ സാഹചര്യം ഉൾനാടൻ മത്സ്യബന്ധനമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുണ്ടാക്കുകയാണ്. അതുകൊണ്ട് കായൽതീരത്ത് ദൂരപരിധി നിശ്ചയിക്കാതെ എത് സ്ഥലത്തും മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കാനുള്ള സ്വതന്ത്ര്യം കൊടുക്കണമെന്നുള്ളതാണ് പ്രധാനപ്പെട്ട മറ്റൊരു വിഷയം. അതുപോലെ കായൽ കയ്യേറ്റം തടയുന്നതിനും കായൽ ഭിത്തി കെട്ടി കായലുകളെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. മത്സ്യബന്ധന തുറമുഖങ്ങളുടെ അവസ്ഥ വളരെ ദയനീയവും ഗുരുതരവുമാണ്. പ്രതിദിനം 1000 യാനങ്ങൾ പോകുന്ന എന്റെ നിയോജകമണ്ഡലത്തിലെ തങ്കശ്ശേരി മത്സ്യബന്ധനതുറമുഖത്തിന് യാതൊരു സൗകര്യങ്ങളുമില്ല. ഇതുതന്നെയാണ് കേരളത്തിലെ മിക്കവാറും എല്ലാ മത്സ്യബന്ധന തുറമുഖങ്ങളുടെയും സ്ഥിതി. മത്സ്യബന്ധന തുറമുഖങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകാൻ കേന്ദ്ര ഗവൺമെന്റും കേരള ഗവൺമെന്റും സന്നദ്ധമാകണം. കേരളത്തിൽനിന്ന് ഏകദേശം 4000 കോടി രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന മേഖലയാണ് മത്സ്യബന്ധന മേഖല. രാജ്യത്താകെ പതിനെണ്ണായിരത്തിലധികം കോടി രൂപയുടെ വിദേശനാണ്യം ലഭ്യമാകുന്നതിൽ കേരളത്തിന്റെ വിഹിതം ഏകദേശം 4000 കോടി രൂപയാണ്. അതുകൊണ്ട്

മത്സ്യബന്ധനതുറമുഖങ്ങളുടെ നവീകരണത്തിനും അവിടത്തെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമാവശ്യമായ സഹായം ഗവൺമെന്റ് നൽകേണ്ടതായുണ്ട്. മറ്റൊരു പ്രധാനപ്പെട്ട വിഷയം മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ചാണ്. ഇത് സംബന്ധിച്ച് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞിരുന്നെങ്കിലും നിർഭാഗ്യവശാൽ എനിക്ക് കേൾക്കാൻ കഴിഞ്ഞില്ല. മീനാകുമാരി കമ്മിറ്റി യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ചതാണ്. ഇപ്പോൾ ശ്രീ. നരേന്ദ്ര മോദിയുടെ കാലത്ത് റിപ്പോർട്ട് സമർപ്പിച്ചു. ആ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ 2004-ൽ നിലനിന്നിരുന്ന മത്സ്യബന്ധനനയം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ചും ആഴക്കടൽ മത്സ്യബന്ധനത്തിന്റെ മെത്തേഡ് പുതുക്കുന്നത് സംബന്ധിച്ചുമാണ്. 200 മീറ്ററിനുമുകളിലുള്ള കടൽപരപ്പിൽ മത്സ്യം വളരെ പരിമിതമാണെന്നും 200 മീറ്ററിനും 500 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലത്ത് ധാരാളം മത്സ്യമുണ്ടെന്നും ആ മത്സ്യം പിടിക്കുന്നതിനാവശ്യമായ സംവിധാനം നമ്മുടെ മത്സ്യത്തൊഴിലാളികൾക്കില്ലെന്നും അതുകൊണ്ട് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ കൊണ്ടുവന്ന് വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനം നടത്താനുള്ള സ്വാതന്ത്ര്യം കൊടുക്കണമെന്നുമാണ് മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത്. ഇത് കേരളത്തിലെ

മത്സ്യബന്ധനത്തൊഴിലാളികളുടെ ഭാവിയെ ബാധിക്കുന്നതാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ വ്യക്തമായ ഒരു നയം രൂപീകരിക്കണം. 1178 വിദേശ മത്സ്യബന്ധന ട്രോളറുകളെ ഇവിടെ മത്സ്യബന്ധനം നടത്താൻ അനുവദിക്കുകയാണ്. അത് പാടില്ലെന്നുള്ള തീരുമാനം നിയമസഭ കൈക്കൊള്ളണം. ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണം. മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് കടാശ്വാസ കമ്മീഷന്റെ വിഷയം. കടാശ്വാശ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക സഹായം സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടില്ല. അതുകൊണ്ട് സാമ്പത്തിക സഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കണം. എട്ടര കോടി രൂപയാണ് മൂന്നര വർഷത്തിനകം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം കൊടുത്തിട്ടുള്ളത്. ഏകദേശം 141 കോടി രൂപ ഇനിയും കൊടുക്കാനുണ്ട്. അത് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന സുപ്രധാന വിഷയങ്ങൾ ഗവൺമെന്റ് സത്വരമായി പരിഗണിച്ച് തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതം സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കടത്തിൽ ജനിച്ച് കടത്തിൽ മരിക്കുന്നവരാണ് മത്സ്യത്തൊഴിലാളികൾ. അവരുടെ ജീവിതം

സംരക്ഷിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സഭയോട് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മത്സ്യബന്ധന ആവശ്യത്തിനായി സബ്സിഡി നിരക്കിൽ മതിയായ അളവിൽ മണ്ണെണ്ണ ലഭ്യമാക്കുക, മത്സ്യത്തിന് ന്യായവില ഉറപ്പാക്കുക, മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയുക, സി.ആർ.ഇസഡ്. പ്രശ്നങ്ങൾ എന്നീ നാല് വിഷയങ്ങൾക്കാണ് ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയിരുന്നത്. നോട്ടീസിൽ പറയാത്ത ചില കാര്യങ്ങളും ഇപ്പോൾ പറഞ്ഞു. നാല് കാര്യങ്ങൾക്ക് ആദ്യം മറുപടി പറയാം. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഇരുപത്തിരണ്ടായിരത്തോളം ഔട്ട് ബോർഡ് എൻജിനുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിലൂടെ റേഷൻ നിരക്കിൽ കിട്ടുന്ന മണ്ണെണ്ണയാണ് മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നത്. 2525 കിലോ ലിറ്റർ മണ്ണെണ്ണയാണ് മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ വിതരണം ചെയ്യുന്നത്. 1988 മുതൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന മണ്ണെണ്ണയുടെ അളവ്

ഒന്നു തന്നെയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 1 ലിറ്റർ മണ്ണെണ്ണ പോലും വെട്ടിക്കുറച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റും അതിനുമുമ്പുള്ള ഗവൺമെന്റുമെല്ലാം 2525 കിലോ ലിറ്റർ മണ്ണെണ്ണയാണ് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തത്. പൊതുവിതരണ സമ്പ്രദായത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നൽകുന്ന പി.ഡി.എസ് മണ്ണെണ്ണയാണ് ഇങ്ങനെ കൊടുത്തുകൊണ്ടിരിക്കുന്നത്. അതിൽ ഗവൺമെന്റ് കുറവ് വരുത്തിയിട്ടില്ല. എന്നാൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ മത്സ്യത്തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണ തികയുന്നില്ല, അവർ പുറത്തുനിന്ന് മണ്ണെണ്ണ വാങ്ങേണ്ടിവരുന്നു എന്നത് യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യം മനസിലാക്കിക്കൊണ്ടാണ് കഴിഞ്ഞ ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുമെന്ന് പ്രഖ്യാപനം നടത്തിയത്. ആ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 9 ജില്ലകളിൽ 12 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മത്സ്യഫെഡിന്റെ നിയന്ത്രണത്തിലാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. 19-08-2014-ൽ 722/14 മത്സ്യതുറമുഖ വകുപ്പ് ഇതിന് ഉത്തരവ് നൽകിയിട്ടുണ്ട്. 9 ജില്ലകളിലായി 12 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് ചെറിയ കാലതാമസം വരാൻ കാരണം, പെട്രോൾ ബങ്കുകൾ

സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും ഇതിനായി എക്സ്പ്ലോസീവ് ലൈസൻസ് പോലെ വിവിധതരം ലൈസൻസുകൾ ലഭിക്കുകയും വേണം. ആ ലൈസൻസുകൾ ലഭിക്കുന്നതിന് കാലതാമസമുണ്ടായി. ചില ലൈസൻസുകൾ മദ്രാസിൽനിന്നാണ് ലഭിക്കേണ്ടത്. ഇപ്പോൾ 11 സ്ഥലങ്ങളിൽ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാനുള്ള എല്ലാ ലൈസൻസുകളും ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഒരു ബങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടില്ല. അക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതനുസരിച്ച് മത്സ്യയാനങ്ങൾക്ക് 135 മുതൽ 185 ലിറ്റർ വരെ മണ്ണെണ്ണ നൽകാൻ സാധിക്കും. 2525 ലിറ്റർ പി.ഡി.എസ്. മണ്ണെണ്ണ ഇപ്പോൾ നൽകുന്നതോടൊപ്പം തന്നെ 135 മുതൽ 185 ലിറ്റർ വരെ മണ്ണെണ്ണ സബ്സിഡി അടിസ്ഥാനത്തിൽ കൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിലൂടെ ഡയറക്ടായി ഓയിൽ കമ്പനികളിൽനിന്ന് മണ്ണെണ്ണ വാങ്ങി വിതരണം ചെയ്യാൻ സാധിക്കും. ഓയിൽ കമ്പനികളിൽനിന്ന് നേരിട്ട് വാങ്ങുന്നതിലൂടെ മാർക്കറ്റ് വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ സാധിക്കും. മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് സബ്സിഡി അടിസ്ഥാനത്തിൽ മണ്ണെണ്ണ കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുകയാണ്. നേരത്തെ

കൊടുത്തുകൊണ്ടിരുന്ന മണ്ണെണ്ണയിൽ ഒരു ലിറ്റർപോലും വെട്ടിക്കുറിച്ചിട്ടില്ലെന്ന കാര്യം ഞാൻ ആവർത്തിക്കുന്നു. 2525 ലിറ്ററാണ് കാലാകാലങ്ങളായി ഇവിടെ കൊടുത്തുകൊണ്ടിരിക്കുന്നത്. അത് ഇപ്പോഴും കൊടുക്കുന്നുണ്ട്. അതിനുപുറമെയാണ് സബ്സിഡി അടിസ്ഥാനത്തിൽ മണ്ണെണ്ണ കൊടുക്കാനുദ്ദേശിക്കുന്നത്.

മറ്റൊരു കാര്യം ന്യായവില കിട്ടുന്നതിന് വേണ്ടിയാണ് മത്സ്യഫെഡ് രൂപീകരിച്ചത്. മത്സ്യഫെഡ് മാർക്കറ്റിൽ നിന്നും മത്സ്യം ഏറ്റെടുക്കുന്നുണ്ട്. മത്സ്യഫെഡ് 1988 മുതൽ ഇതുവരെ 225 കോടി രൂപയോളം വായ്പയായി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ഇടയിൽ സഹകരണ സംഘം വഴിയുള്ള ലേലം ശക്തിപ്പെടുത്തുന്നതിനും വരുമാന വർദ്ധനവിനായി ഉൽപ്പാദന ബോണസ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനും വേണ്ടി 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി മത്സ്യത്തൊഴിലാളികൾക്ക് സംഘം വഴി ലേലം ചെയ്യുന്ന മത്സ്യത്തിന്റെ വിലയുടെ ഒരു ശതമാനം സമ്പാദ്യമായി സംഘത്തിൽ സ്വരൂപിക്കുകയും അതിന്റെ പകുതിയായ 0.5 ശതമാനം ഉൽപ്പാദന ബോണസ്സായി ഗവൺമെന്റ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

ഇതിലൂടെ, മത്സ്യത്തൊഴിലാളി സംഘം വഴി തങ്ങളുടെ മത്സ്യം ലേലം ചെയ്യുന്നതിനും സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുമെന്ന് കരുതുന്നു. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഈ ഗവൺമെന്റ് പുതിയതായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണിത്. അതിനുള്ള നടപടികൾ പൂർത്തിയായി ക്കൊണ്ടിരിക്കുകയാണ്. അതുപോലെ അങ്ങ് ചൂണ്ടിക്കാണിച്ച തീരദേശ പരിപാലന (സി.ആർ.ഇസഡ്.) നിയമം. 2011-ൽ Costal Regulation Zone Notification വന്നു. അതിൽ ചില മാറ്റങ്ങൾ വരുത്തണമെന്ന് സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു വരികയാണ്. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് ധാരാളം പ്രയാസങ്ങളുണ്ട്. സംസ്ഥാന ഗവൺമെന്റ് അക്കാര്യം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പുതിയ കേന്ദ്ര ഗവൺമെന്റ് വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വകുപ്പുമന്ത്രിയെ കണ്ട് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് ശാസ്ത്രജ്ഞന്മാരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും ടീമിനെ കേരളത്തിലേയ്ക്ക് അയച്ചു. കേന്ദ്രത്തിൽ നിന്നും വന്ന സബ്കമ്മിറ്റിയുമായി തിരുവനന്തപുരത്ത് വച്ച് ഫിഷറീസ്, പോർട്ട്, ടൂറിസം, ഇൻഡസ്ട്രിയൽ വകുപ്പുകൾ ചർച്ച നടത്തി. ചർച്ച നടത്തുന്നതിന് മുമ്പ് ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളി

മേഖലയുമായി ബന്ധപ്പെട്ട് അവരുടെ പ്രശ്നങ്ങൾ എല്ലാം മനസ്സിലാക്കിയാണ് നിവേദനം കൊടുത്തത്. വീണ്ടും രണ്ട് മാസം കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിക്കും പരിസ്ഥിതി വകുപ്പുമന്ത്രിക്കും ഇതുമായി ബന്ധപ്പെട്ട് നിവേദനം കൊടുത്തു. അതിന്റെയടിസ്ഥാനത്തിൽ റിപ്പോർട്ട് ഫൈനലൈസ് ചെയ്യുന്നതിനുവേണ്ടി ഒക്ടോബർ മാസം 27-ാം തീയതി ഡൽഹിയിൽ യോഗം ചേർന്നിരുന്നു. ആ യോഗത്തിലും കേരള ഗവൺമെന്റ് ഉദ്യോഗസ്ഥരെ അയച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് കമ്മിറ്റിയുമായി ചർച്ച നടത്തുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ വകുപ്പുകളുടേയും യോഗം വിളിച്ച് ഫിഷറീസ് മേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കി. ആ യോഗത്തിലെ ധാരണയുടെ അടിസ്ഥാനത്തിൽ സി.ആർ.ഇസഡ് നിയമം മൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന പൊതുവായ പ്രശ്നങ്ങൾ കേന്ദ്ര സബ്കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിച്ചു. ഞാൻ മനസ്സിലാക്കിയിടത്തോളം ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി അവതരിപ്പിച്ച പ്രശ്നങ്ങൾ പൂർണ്ണമായും അവർക്ക് കൺവിൻസ്ഡ് ആണെന്നാണ്. ഫൈനലായി കേരളത്തിന്റെ അഭിപ്രായം അറിയിക്കുന്നതിനുവേണ്ടി വിളിച്ച യോഗത്തിലും സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ട്. സമയം

കൂടുതലായതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് തീരദേശ പരിപാലന നിയമം കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനനുകൂലമായ ഉത്തരവ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഉണ്ടാകുമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ പ്രതീക്ഷ. മറ്റൊരു കാര്യം മീനാകുമാരി കമ്മീഷൻ റിപ്പോർട്ടാണ്. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം സംസ്ഥാന ഗവൺമെന്റ് കേരളത്തിലെ മത്സ്യത്തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ചു. സി.ഐ.റ്റി.യു., എ.ഐ.റ്റി.യു.സി., എസ്.റ്റി.യു., ബി.എം.എസ്. തുടങ്ങിയ എല്ലാ സംഘടനകളും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ആ സംഘടനകളെല്ലാം പൊതുവെ അഭിപ്രായപ്പെട്ടത് മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയണമെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് പൂർണ്ണമായും തള്ളിക്കളയണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. അതിനുപുറമേ എല്ലാ സംസ്ഥാനങ്ങളിലെയും ഫിഷറീസ്, കൃഷി വകുപ്പുമന്ത്രിമാരുടെ യോഗം ഡൽഹിയിൽ ചേർന്നിരുന്നു. ആ യോഗത്തിൽ എന്റെ അഭിപ്രായം രേഖപ്പെടുത്തുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും മറ്റുമന്ത്രിമാരും കൂടി

ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ ഉത്ക്കണ്ഠ രേഖാമൂലം അറിയിച്ചിട്ടുണ്ട്. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയണമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. ആ നിലപാട് ഉരുത്തിരിഞ്ഞത് എല്ലാ സംഘടനകളുമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായം കൂടി ഉൾക്കൊണ്ടുകൊണ്ടാണ്. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ആ റിപ്പോർട്ട് തള്ളിക്കളയണമെന്നതന്നെയാണ് സർക്കാരിന്റെ നിലപാട്. മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തെക്കുറിച്ച് അങ്ങ് പറഞ്ഞുവെങ്കിലും നോട്ടീസിൽ ഇല്ലാതിരുന്നതിനാൽ കൃത്യമായ മറുപടി തയ്യാറാക്കിയിട്ടില്ല. മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം സംസ്ഥാന, കേന്ദ്ര ഗവൺമെന്റുകൾ നടപ്പാക്കണമെന്ന് പറഞ്ഞു. എല്ലാ തുറമുഖങ്ങളും നവീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അതിപ്പോൾ പ്രതിസന്ധിയിലാണ്. കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റിന് ഫിഷറീസ് ഇൻഫ്രാസ്ട്രക്ച്ചറിന് നൽകിയിരുന്നത് 75 ശതമാനം തുകയായിരുന്നു. ബാക്കി 25 ശതമാനം തുക സംസ്ഥാന ഗവൺമെന്റ് വിഹിതമാണ്. കേന്ദ്ര വിഹിതം പുതിയ ഗവൺമെന്റ് 40 ശതമാനമായി വെട്ടിക്കുറച്ചു. സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് കേന്ദ്ര വിഹിതം പഴയതുപോലെ പുന:സ്ഥാപിക്കണമെന്നാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞാനും കൂടി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കൃഷി വകുപ്പുമന്ത്രിക്കും ഇക്കാര്യത്തിൽ നിവേദനം കൊടുത്തിട്ടുണ്ട്. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഒന്നാംഘട്ടം പൂർത്തിയാക്കിയ എല്ലാ തുറമുഖങ്ങളും, തുറമുഖങ്ങളുമായി ബന്ധപ്പെട്ട് പഠനം നടത്തുന്ന പൂനെയിലെ ഏജൻസിയുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും ഓരോ തുറമുഖങ്ങളുടേയും റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് നൽകുകയും ചെയ്യുന്നുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ച തങ്കശ്ശേരി തുറമുഖത്തിന്റെ നവീകരണത്തിനായി 49 കോടി രൂപയുടെ നവീകരണപദ്ധതിയും മറ്റ് തുറമുഖങ്ങളുടെ നവീകരണ പദ്ധതികളും കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ, നീല വിപ്ലവം നമ്മുടെ രാജ്യത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ്, കഴിഞ്ഞ ഗവൺമെന്റുകൾ നൽകിയിരുന്ന കേന്ദ്ര വിഹിതം 40 ശതമാനമായി വെട്ടിക്കുറച്ചിരിക്കുകയാണ്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് 90 ശതമാനം വിഹിതം തന്നുകൊണ്ടിരുന്നത് 50 ശതമാനമായി വെട്ടിക്കുറച്ചു. ഇത് സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര വിഹിതങ്ങൾ പുന:സ്ഥാപിക്കണമെന്നാണ്. എം.പി. മാരുടെ

യോഗത്തിലും ഞാൻ ഇക്കാര്യം ഉന്നയിക്കുകയും എല്ലാ എം.പി. മാർക്കും ഞാൻ വ്യക്തിപരമായി കത്തെഴുതുകയും ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രിക്കും കൃഷി വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടുമുണ്ട്. അതുകൊണ്ട് നവീകരണം നടത്തണമെന്ന അങ്ങയുടെ അഭിപ്രായത്തോട് എനിക്ക് പൂർണ്ണമായും യോജിപ്പാണ്. സംസ്ഥാന ഗവൺമെന്റിന് 60 ശതമാനം തുക ഓരോ തുറമുഖത്തിനും മുടക്കാൻ സാമ്പത്തിക പരിമിതികളുണ്ട്. ആ കാര്യങ്ങൾ ഞാൻ തള്ളിക്കളയുന്നില്ല, ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് പരിശോധിക്കും. അങ്ങ് പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമുള്ളതാണ്. ആ ഗൗരവം സംസ്ഥാന ഗവൺമെന്റ് ഉൾക്കൊള്ളുന്നു. എഞ്ചിൻ വെരിഫിക്കേഷനെക്കുറിച്ച് പറഞ്ഞു. എഞ്ചിൻ വെരിഫിക്കേഷൻ കഴിഞ്ഞ മാസം വച്ചിരുന്നത് മാറ്റേണ്ടി വന്നത് മത്സ്യഫെഡിന്റെ തെരഞ്ഞെടുപ്പ് കാരണമാണ്. 28.12.2014-ൽ എഞ്ചിൻ വെരിഫിക്കേഷൻ നടത്തുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തിയിട്ടുണ്ട്. ഇത്രയും പറഞ്ഞ് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി.കെ ഗുരുദാസൻ: സർ, ധാരാളം വിഷയങ്ങൾ പറയാനുണ്ടെങ്കിലും മണ്ണെണ്ണയുടെ കാര്യം എടുത്തുപറയുകയാണ്. മണ്ണെണ്ണയ്ക്ക് ആവശ്യമായ സബ്സിഡി കൊടുത്തുകൊണ്ട്, മണ്ണെണ്ണ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന സ്ഥലങ്ങളിൽ തന്നെ ബങ്കുകൾ സ്ഥാപിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയുമോയെന്നതാണ് എന്റെ

ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. മത്സ്യബന്ധന തുറമുഖ നവീകരണത്തിന് കേന്ദ്ര-സംസ്ഥാന വിഹിതം 40:60 ആണെന്ന് പറഞ്ഞല്ലോ. ഇതിനായി സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ ആവശ്യമായ തുകയുൾപ്പെടുത്തുമോ? ഈ രണ്ട് ചോദ്യങ്ങൾക്കുംകൂടി മറുപടി പറഞ്ഞാൽ വളരെ ഉപകാരമായിരുന്നു.

സർ, സാധാരണ ഗതിയിൽ ഒരു ചോദ്യമാണ് ശ്രദ്ധക്ഷണിക്കലിനുള്ളത്. മണ്ണെണ്ണയുടെ കാര്യത്തിൽ 12 ബങ്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ഞാൻ നേരത്തെ പറഞ്ഞു. അത് മത്സ്യത്തൊഴിലാളികൾ വളരെയധികം തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനകത്ത് യാതൊരു സംശയവുമില്ല. മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനമില്ലാതെ ബങ്ക് സ്ഥാപിക്കേണ്ട കാര്യമില്ലല്ലോ. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ പ്രയോജനമുള്ള സ്ഥലത്തുതന്നെയായിരിക്കും ബങ്കുകൾ സ്ഥാപിക്കുന്നത്. നമുക്ക് സ്ഥലം അക്വയർ ചെയ്ത് പെട്ടന്ന് അത് നടപ്പാക്കാൻ സാധിക്കില്ല. അതുകൊണ്ട് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റേയോ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റേയോ തുറമുഖ വകുപ്പിന്റേയോ കൈവശമുള്ള സ്ഥലത്താണ് ഈ ബങ്കുകൾ സ്ഥാപിക്കുന്നത്. അങ്ങ് രണ്ടാമത് പറഞ്ഞത്, തുറമുഖങ്ങൾക്കുവേണ്ടി

ബഡ്ജറ്റിൽ വിഹിതം വയ്ക്കുന്നതിനെക്കുറിച്ചാണ്. 25 ശതമാനം സംസ്ഥാന ഗവണ്മെന്റാണ് നൽകുന്നത്. അതിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. പക്ഷെ കേന്ദ്ര ഗവണ്മെന്റ് വിഹിതം ഇപ്പോൾ 40 ശതമാനമായി വെട്ടിക്കുറച്ചു. അതൊരു വലിയ പ്രതിസന്ധിയാണ്. അതിന് കേന്ദ്ര ഗവണ്മെന്റിൽ നിവേദനം കൊടുത്തിട്ടുണ്ട്. എം.പി.മാരോട് ഈ പ്രശ്നം പാർലമെന്റിൽ ഉന്നയിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ വളരെ വേഗത്തിൽതന്നെ നടപടിയുണ്ടാകും.